**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1218** **30-08-2022 - ൽ മറുപടിയ്ക്ക്**

**ഉള്ളൂർ-ആക്കുളം റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ഉള്ളൂർ-ആക്കുളം റോഡ്, പൈപ്പ് സ്ഥാപിക്കുന്നതിനായി പൊളിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | പൈപ്പ് സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി എഗ്രിമെന്റ് വയ്ക്കുകയും 03/12/2018 -ന് പൈപ്പിടലിനായി അനുവാദം നൽകുകയും 10/01/2019 മുതൽ കട്ടിംഗ് തുടങ്ങുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നത് സംബന്ധിച്ച് നാളിതുവരെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; | (ബി) | 16-ഓളം പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത റോഡ് എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (സി) | 01/01/2022-ന് കേരള വാട്ടർ അതോറിറ്റി പ്രവൃത്തി പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പിന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയുണ്ടായി. കുഴിയുടെ ആഴം 6 മീറ്ററിൽ കൂടുതലും വീതി 2.5 മീറ്റർ വരെയും ഉണ്ടായിരുന്നതിനാൽ കേരള വാട്ടർ അതോറിറ്റിയുമായി ജോയിന്റ് ഇൻസ്പെക്ഷന് ശേഷം എസ്റ്റിമേറ്റ് തയ്യാറാക്കുകയും 2022 ഏപ്രിൽ മാസത്തിൽ സർക്കാർ ഭരണാനുമതി നൽകുകയും 2022 ഏപ്രിൽ 29-ാം തീയതി restoration പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ വെറ്റ് മിക്സ് വരെയുള്ള പ്രവൃത്തി കഴിഞ്ഞിട്ടുള്ളതാണ്. മഴ കുറയുന്ന മുറയ്ക്ക് ഓഗസ്റ്റ് മാസം അവസാനത്തോടെ Restoration പ്രവൃത്തിയിൽ ഉൾപ്പെടെ ബി.എം. പ്രവൃത്തി ചെയ്ത് റോഡ് സഞ്ചാര യോഗ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ